# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 5912 **28.03.2018-ൽ മറുപടിയ്ക്ക്**

ഔഷധ സസ്യ ബോർഡിന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ. സി. മമ്മൂട്ടി | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഔഷധ സസ്യ ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ ആരോഗ്യമന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം 2002 ൽ സംസ്ഥാന ആരോഗ്യ കുടുബക്ഷേമ വകുപ്പിനു കീഴിൽ സ്ഥാപിതമായ സ്ഥാപനമാണ് സംസ്ഥാന ഔഷധസസ്യ ബോർഡ്. സംസ്ഥാന ആരോഗ്യ വകുപ്പ് മന്ത്രി ചെയർപേഴ്സണും സംസ്ഥാന ആരോഗ്യ വകുപ്പ് സെക്രട്ടറി വൈസ് ചെയർമാനുമായുള്ള ബോർഡിൽ സർക്കാരിന്റെ വിവിധ വകുപ്പുകളെ പ്രതിനിധീകരിച്ച് ഔദ്യോഗികാംഗങ്ങളും സർക്കാർ-സർക്കരേതര സ്ഥാപനങ്ങളെ പ്രതിനിധീകരിച്ച് അനൗദ്യോഗിക അംഗങ്ങളും ഉൾപ്പെടുന്നുണ്ട്. ഇപ്പോൾ ആയുഷ് സെക്രട്ടറിയാണ് വൈസ് ചെയർമാൻ. ആറ് മാസത്തിലൊരിക്കൽ കൂടുന്ന ബോർഡ് യോഗത്തിലും എക്സിക്യൂട്ടീവ് യോഗത്തിലും സംസ്ഥാന ഔഷധസസ്യ ബോർഡിന്റെ പ്രവർത്തനം വിലയിരുത്താറുണ്ട്.<br>2002 മുതൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ദേശീയ ഔഷധസസ്യ ബോർഡിൽ നിന്നും 2012 മുതൽ സംസ്ഥാന സർക്കാരിൽ നിന്നും വിവിധ പദ്ധതികൾക്കായി സംസ്ഥാന ഔഷധസസ്യ ബോർഡിന് സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്. പ്രസ്തുത തുക ഔഷധസസ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഔഷധസസ്യ സംരക്ഷണം, ഗവേഷണം, ബോധവൽക്കരണം, ഗുണമേന്മയുള്ള ഔഷധസസ്യങ്ങളുടെ ഉൽപാദനം, അർദ്ധസംസ്കരണം തുടങ്ങി ഔഷധസസ്യമേഖലയെ പരിപോഷിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് ഏറെ ജനപ്രീതി പിടിച്ച പറ്റിയ സ്കൂളിൽ ഒരു ഔഷധത്തോട്ടം, ദേശീയ നെല്ലി മിഷൻ, ഗൃഹാങ്കണത്തിൽ ഒരു ഔഷധസസ്യോദ്യാനം, കാവുകളിലെ ഔഷധസസ്യ സംരക്ഷണം, തെരഞ്ഞെടുത്ത സർക്കാർ-സർക്കരിതര സ്ഥാപനങ്ങളിലെ ഔഷധസസ്യോദ്യാനം തുടങ്ങി നിരവധി പദ്ധതികൾ വിജയകരമായി നടപ്പിലാക്കുവാൻ സംസ്ഥാന ഔഷധസസ്യ ബോർഡിന് സാധിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്ത് നിലവിലുള്ള ഔഷധസസ്യ സമ്പത്ത് സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും അതിലൂടെ ഔഷധസസ്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വേണ്ടി ദേശീയ ഔഷധസസ്യ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാന ഔഷധസസ്യ ബോർഡ് സംസ്ഥാനത്തെ തെരഞ്ഞടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സുസ്ഥിര ഔഷധസസ്യ സംരക്ഷണ പരിപോഷണ പദ്ധതിയായ 'ഗ്രാമീണം' , 'ഔഷധസസ്യങ്ങൾ ആരോഗ്യത്തിനും ആദായത്തിനും'. അതിപുരാതനകാലം മുതൽ തന്നെ നമ്മുടെ ഗൃഹാങ്കണത്തിൽ നട്ടുവളർത്തിയിരുന്ന രണ്ട് സുപ്രധാന ഔഷധസസ്യങ്ങളായ ആര്യവേപ്പിന്റെയും കറിവേപ്പിന്റെയും പ്രാധാന്യവും സംരക്ഷണവും ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാനത്തെ എല്ലാ വീട്ടിലും "ഒരു വേപ്പും കറിവേപ്പും" വച്ചുപിടിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാരിന്റെ വിവിധ കർമ്മ പദ്ധതികളുടെ ഭാഗമായി, നടപ്പിലാക്കുന്ന "ഗൃഹചൈതന്യം" തുടങ്ങിയ പദ്ധതികളും നടപ്പാക്കിക്കൊണ്ടിരിക്കുന്നുണ്ട്.<br>സ്കൂളിൽ ഒരു ഔഷധത്തോട്ടം പദ്ധതി കൂടുതൽ സ്കൂളുകളിലേക്കും കാവുകളിലെ ഔഷധസസ്യസംരക്ഷണം പദ്ധതി കൂടുതൽ കാവുകളിലേക്കും 'ഗ്രാമീണം' പദ്ധതി കൂടുതൽ ഗ്രാമപഞ്ചായത്തുകളിലേക്കും "ഗൃഹചൈതന്യം" കൂടുതൽ വീടുകളിലേക്കും വ്യാപിപ്പിക്കുന്നതിനും അതിലൂടെ നിലവിലുള്ള ഔഷധ സസ്യ സമ്പത്ത് സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഔഷധസസ്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും സംസ്ഥാന ഔഷധസസ്യ ബോർഡ് പ്രതിജ്ഞാബദ്ധമാണ്. |
| (ബി) | ഔഷധ സസ്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കർഷകർക്ക് | (ബി) | 2008-09 മുതൽ വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും സംസ്ഥാന |

| | | | |
|---|---|---|---|
| | വിപണിയും ന്യായമായ വിലയും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | ഹോർട്ടികൾച്ചർ മിഷനാണ് ധനസഹായവും മറ്റു സാങ്കേതിക സഹായങ്ങളും കർഷകർക്ക് ലഭ്യമാക്കുന്നത്. എന്നാൽ 'ഗ്രാമീണം' 'ഔഷധസസ്യങ്ങൾ ആരോഗ്യത്തിനും ആദായത്തിനും' പദ്ധതിയിലൂടെ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ പ്രാദേശിക ഏജൻസികൾ മുഖേന കർഷകരുടേയും കർഷക കൂട്ടായ്മകളുടേയും സഹകരണത്തോടെ ഔഷധസസ്യങ്ങൾ കൃഷിചെയ്യുകയും കർഷകർക്ക് ന്യായവില നൽകി കാർഷിക ഉൽപ്പന്നങ്ങൾ ഏജൻസികൾ തന്നെ തിരികെയെടുക്കുകയും ചെയ്യുന്നുണ്ട്. അതോടൊപ്പം ഔഷധി, ആര്യവൈദ്യശാല, കോട്ടയ്ക്കൽ, വൈദ്യരത്നം ഔഷധശാല, സീതാറാം, ശാന്തിഗിരി തുടങ്ങിയ ആയുർവേദ ഔഷധ നിർമ്മാതാക്കൾക്ക് ധാരണാപത്രപ്രകാരം ന്യായവിലയ്ക്ക് നൽകുന്നുണ്ട്. 'ഗ്രാമീണം' പദ്ധതി വിജയകരമായിത്തന്നെ തൃശ്ശൂർ ജില്ലയിലെ മറ്റത്തൂർ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. കൂടാതെ, തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല, കണ്ണൂർ ജില്ലയിലെ മൊകേരി തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി പ്രാരംഭ ദിശയിലാണ്. |

സെക്ഷൻ ഓഫീസർ